'കൃഷിയിടങ്ങളിൽ യൂക്കാലിപ്റ്റസ് നടുന്നതു് ഉടൻ നിരോധിക്കണമെന്നാണു് എന്റെ അഭിപ്രായം. സാമൂഹ്യ വനവത്കരണ പരിപാടിയിൽപ്പെടുത്തി യൂക്കാലിപ്റ്റസ് കൃഷിചെയ്യുന്നതു് ഗവണ്മെന്റ് പ്രോത്സാഹിപ്പിക്കരുതു്. ഭക്ഷണം, കാലിത്തീററ, വിറക്, ഇലവളം, നാരുകൾ എന്നിവ, ആ മുൻഗണനാക്രമത്തിൽ നൽകുന്ന വൃക്ഷങ്ങൾ നട്ടു വളർത്തുകയാവണം സാമൂഹ്യവനവത്കരണത്തിന്റെ ലക്ഷ്യം.'

യൂക്കാലിപ്റ്റസ്കൃഷി നിരോധിക്കാനും, യൂക്കാലിപ്റ്റസ് തൈകളുടെ വിതരണം അവസാനിപ്പിക്കാനും, മണ്ണിന്റെ ഫലപുഷ്ടിയും ഭൂഗർഭജലവിതാനവും നിലനിർത്തുന്ന പ്രയോജനകരങ്ങളായ മരങ്ങൾ നട്ടുവളർത്തുന്നതിനുള്ള പ്രസ്ഥാനമായി സാമൂഹ്യവനവത്കരണപരിപാടിയെ മാററിയെടുക്കാനുള്ള ഒരു പ്രസ്ഥാനം കേരളത്തിൽ ആരംഭിക്കാൻ വൈകി.

2 ഒക്ടോബർ, 1983

# 85. കണ്ടൽ

നമ്മുടെ പുഴകളുടെയും കായലുകളുടെയും കടലിന്റെയും വക്കിലെ ചതുപ്പുകളിൽ കരയിൽനിന്നു വെള്ളത്തിലേക്കു നീണ്ടുനീണ്ടുപോകുന്ന കൊമ്പുകളിൽനിന്നു് താഴ്ന്നു തൂങ്ങിയിറങ്ങുന്ന കെട്ടുപിണഞ്ഞ വേരുകളുമായി കാടുകെട്ടിനിൽക്കുന്ന കണ്ടൽമരങ്ങളെ (ഇംഗ്ലീഷിൽ മാൻഗ്രോവ്) എത്ര പേർ ശ്രദ്ധിച്ചിരിക്കും? ഉണങ്ങിയാൽ കഷ്ടിച്ചു് കത്തിക്കാമെന്നല്ലാതെ കണ്ടലിനു് വേറെ എന്തെങ്കിലും ഉപയോഗമുള്ളതായി ആരും പറഞ്ഞു കേട്ടിട്ടില്ല. കണ്ടൽത്തൊലി തോൽ ഊറയ്ക്കിടുന്നതിനു് ഉപയോഗിക്കാമത്രേ. ആവോ! ഈയിടെ വായിച്ച ഒരു ലേഖനത്തിൽ, കണ്ടലിന്റെ ചില്ലകൾ കാലിത്തീററയായി ഉപയോഗപ്പെടുത്താമെന്നും, ഇല കൊണ്ടു് സലാഡ് ഉണ്ടാക്കി മനുഷ്യർക്കു ഭക്ഷിക്കാമെന്നും, പാകിസ്ഥാനിലെ ജിപ്സികളും മററു് നാടോടിവർഗക്കാരും കണ്ടലിലകളിൽനിന്നു് ഒരു ത്വഗ്രോഗൗഷധം നിർമിക്കുന്നുണ്ടെന്നും വായിച്ചു.

ഞാൻ പണ്ടേ കണ്ടൽമരങ്ങളുടെ ഒരു ആരാധകനാണു്. ലക്ഷദ്വീപുകളിൽപ്പെട്ട മിനിക്കോയ് ദ്വീപിലാണു്, മുപ്പതു വർഷംമുമ്പു്, വലിയ കണ്ടൽക്കാടുകൾ ഞാൻ ആദ്യമായി കണ്ടതു്. ആഴക്കടലിനു നടുക്കു്, ബലം കുറഞ്ഞ പവിഴപ്പാറകളിൽ മണൽ അടിഞ്ഞു് രൂപംകൊണ്ട ആ ദ്വീപിനെ, ആഞ്ഞടിക്കുന്ന കാലവർഷത്തിരകളിൽ അലിഞ്ഞുപോകാതെ കാക്കുന്നതു് ഈ മരങ്ങൾ ആണെന്ന വസ്തുത പ്രകടമായിരുന്നു. കേരളക്കരയിലെ കടലാക്രമണം തടയാൻ എന്തുകൊണ്ടു് ഈ മരങ്ങളെ കടൽത്തീരത്തു നട്ടുവളർത്തിക്കൂടാ? കരിങ്കൽ ബണ്ട്ഭിത്തികെട്ടി നമ്മുടെ തീരപ്രദേശം മുഴുവൻ സംരക്ഷിക്കുക അസാധ്യംതന്നെയാണു്. ഒരിടത്തു് കുറെദൂരം ഭിത്തി കെട്ടിയാൽ, ഭിത്തിയുടെ തെക്കുവശത്തുകൂടി കടൽക്കരയിലേക്കു കടക്കും. ഏതാനും വർഷങ്ങൾ കഴിയുമ്പോഴേക്കു് ഭിത്തി മുഴുവൻ കടലിൽ താഴുകയുംചെയ്യും. പലേടത്തും ഈ പ്രക്രിയ നാം ആവർത്തിച്ചു കണ്ടിട്ടുള്ളതാണു്. കൺട്രാക്റ്റർമാരുടെ (ചിലപ്പോൾ എൻജിനീയർമാരുടെയും) കീശ വീർപ്പിക്കാനേ കടൽബണ്ട്ഭിത്തിനിർമാണം ഇന്ത്യയിൽ ഉപകരിച്ചിട്ടുള്ളു. കരയ്ക്കു പ്രകൃതി നൽകുന്ന സംരക്ഷണം സസ്യാവരണമാണു്. കണ്ടലും കൈതയും മാത്രമേ കേരളതീരത്തെ കടലാക്രമണത്തിൽ നിന്നു സംരക്ഷിക്കുകയുള്ളു. കണ്ടൽമരങ്ങൾ വളരുന്ന മണ്ണു്, ഏതാനും

വർഷങ്ങൾക്കുള്ളിൽ, പാറപോലെ കടുത്തതായിത്തീരുന്നു. പക്ഷിക്കാഷ്ഠവും ഉണക്കിലകളും വീണ് മണ്ണിൽ കലർന്നും, കെട്ടുപിണഞ്ഞ വേരുകളുടെ സമ്മർദംമൂലവും ആണ് കണ്ടൽച്ചുവട്ടിലെ ഭൂമിക്ക് ഈ പരിണാമം വരുന്നത്. കണ്ടൽമരങ്ങൾ നശിക്കുന്നതോടെ, അടിയിലെ മണ്ണ് വീണ്ടും ഉലരുകയും, തിരയടിയേററും മഴപെയ്തു കുത്തിയൊലിച്ചും കടലിൽക്കലെന്നു കലങ്ങിപ്പോവുകയും ചെയ്യുന്നു.

ലോകപ്രസിദ്ധി നേടിയിട്ടുള്ള ഒരു സമുദ്രശാസ്ത്രജ്ഞയാണ് പാകിസ്ഥാനിലെ മിസ്സിസ് തിർമാസി. കൊഞ്ചുകളും ചെമ്മീനുകളും മുട്ടയിട്ട് വംശവർധനം സാധിക്കുന്നതു കണ്ടൽക്കാടുകൾക്കു ചുവട്ടിൽ കെട്ടിനിൽക്കുന്ന വെള്ളത്തിലാണെന്നു മിസ്സിസ് തിർമാസി പറയുന്നു. പാകിസ്ഥാനിലെ കണ്ടൽക്കാടുകളെപ്പററി ഒരു പ്രതിബന്ധം തയ്യാറാക്കിയിട്ടുള്ള ഖാലിദ്ഖാൻ പ്രസ്താവിക്കുന്നത് കണ്ടൽക്കാടുകൾക്കു ചുററുമുള്ള ആഴം കുറഞ്ഞ വെള്ളത്തിൽ പലതരം മത്സ്യങ്ങളും മുട്ടയിട്ടു പോകുന്നുണ്ടെന്നാണ്. കണ്ടൽക്കാടുകൾ ക്ഷയിക്കുന്നതോടെ മത്സ്യസമ്പത്തും ക്ഷയിക്കുന്നു.

സിന്ധിലെ ചതുപ്പുനിലങ്ങളിലെ കണ്ടൽക്കാടുകളുടെ പ്രകൃതിസൗന്ദര്യത്തെ മിസ്സിസ് തിർമാസി മതിമറന്നു പ്രകീർത്തിക്കുന്നു. അവയിൽ പലതരം പക്ഷികൾ കൂട്ടമായി പാർക്കുന്നു എത്രതരം പക്ഷികൾ? ആർക്കറിയാം? കണ്ടലുകളെപ്പററി വളരെയൊന്നും പഠനങ്ങൾ നടന്നിട്ടില്ല. ഈയിടെയാണ് അതിനു ചില പരിശ്രമങ്ങൾ ആരംഭിച്ചിട്ടുള്ളത്. പാകിസ്ഥാൻ തീരത്ത് ഏകദേശം മൂന്നര ലക്ഷം ഹെക്ടർ ചതുപ്പുപ്രദേശം കണ്ടൽക്കാടുകൾ മൂടിക്കിടക്കുന്നുണ്ടത്രേ. കണ്ടൽക്കാട് ഒരു സവിശേഷലോകംതന്നെയാണ്. അതൊരു അദ്വിതീയമായ ആവാസ വ്യവസ്ഥ (ഈകോ സിസ്റ്റം) ആകുന്നു. കടലിലും കരയിലും ശുദ്ധജലത്തിലും ജീവിക്കുന്ന സസ്യങ്ങളുടെയും ജീവികളുടെയും സങ്കീർണമായ ഒരു സമൂഹത്തെ കണ്ടൽക്കാടുകൾക്കിടയിൽ കാണാം.

കടൽവെള്ളത്തിലും ശുദ്ധജലത്തിലും വളരുമെങ്കിലും കണ്ടലുകൾക്കു കൂടുതൽ ഇഷ്ടം കായലുകളിലെ ഓരുവെള്ളമാണ്. കടല്ക്കരയിൽ നില്ക്കുമ്പോഴും അവ കരയിലെ ശുദ്ധജലം വലിച്ചെടുക്കുന്ന ജലാശയതീരങ്ങളിൽനിന്ന് അകന്ന് അവ വളരും. അപ്പോൾ വലിപ്പം കുറയുമെന്നു മാത്രം.

കടൽത്തീരത്തുള്ള കണ്ടൽമരങ്ങൾ, കടൽവെള്ളത്തിലൂടെ വലിച്ച് അകത്താക്കിയ ആവശ്യമില്ലാത്ത ഉപ്പ് ഇലകളിൽക്കൂടി പുറത്തുവിടുമത്രേ. കണ്ടലിന്റെ ഇലകളിൽ ഉപ്പിന്റെ പല അടരുകൾ കണ്ടെത്തിയിട്ടുള്ളതായി, ഫെബ്രുവരി 3–ലെ 'ഡോൺ' പത്രത്തിൽ കണ്ടലുകളെപ്പററി ഒരു ലേഖനമെഴുതിയ അസ്മത് അൻസാരി പറയുന്നു.

മിനിക്കോയി ദ്വീപിലെ കണ്ടൽക്കാടുകളിലേക്കു തെങ്ങുകൾ അതിക്രമിച്ചു കടക്കുന്നതായി, ഇക്കഴിഞ്ഞ ജനുവരിയിൽ അവിടെ പോയപ്പോൾ ഞാൻ കാണുകയുണ്ടായി. കേരളക്കരയിലാണെങ്കിൽ, കണ്ടൽക്കാടുകൾ പ്രായേണ നാമാവശേഷമായിക്കഴിഞ്ഞിരിക്കുന്നു.

'സോഷ്യൽ ഫോറസ്ട്രി' ഇപ്പോൾ ഒരു സംസാരവിഷയമായിരിക്കുകയാണല്ലോ. ഉഷ്ണമേഖലയിലെ ചതുപ്പുനിലത്തു വളരാൻ സാധ്യതയുള്ള കാട് കണ്ടൽക്കാട് ആണ്. നദികളുടെയും കായലുകളുടെയും നാടാണല്ലോ, നീണ്ടു വീതി കുറഞ്ഞ ഒരു കടലോരം മാത്രമായ കേരളം. ഇവിടെ വളരെയധികം ഹെക്ടർ പ്രദേശത്തു കണ്ടൽക്കാടുകൾ വളർത്താൻ സാധ്യതയുണ്ട്. കടൽക്കരയിൽ വളരുന്ന കണ്ടൽക്കാടുകൾ കരയെ കടലാക്രമണത്തിൽനിന്നു സംരക്ഷിക്കുക മാത്രമല്ല, ക്രമേണ കടലിൽനിന്നു പുതിയ കര ഉയർത്തിത്തരുകകൂടി ചെയ്യും. കടൽക്കരയിലെ കണ്ടൽക്കാ

ടുകൾ നമ്മുടെ മത്സ്യസമ്പത്തിനെ ഗണ്യമായി പോഷിപ്പിക്കുമെന്നും കരുതാം.

പാകിസ്ഥാനിലെയെന്നപോലെ ഇന്ത്യയിലെയും ശാസ്ത്രജ്ഞന്മാരുടെയും പ്രകൃതിപ്രേമികളുടെയും വനംവകുപ്പുകാരുടെയും ശ്രദ്ധ കണ്ടൽക്കാടുകളിലേക്കു തിരിഞ്ഞാൽക്കൊള്ളാം.

9 ഒക്ടോബർ, 1983

## 86. വെററില

'വെററില' എന്ന വാക്കിനു് 'വെളുത്ത ഇല' എന്നേ അർത്ഥമുള്ളു. വെററിലയുടെ വർഗത്തിൽ ഏറെക്കുറെ വെളുത്ത ഇനങ്ങളുമുണ്ടു്. എന്നാൽ, എല്ലാ വെററിലയും വെളുത്തതല്ല. പച്ചയാണു്—ഇളംപച്ച മുതൽ കടുംപച്ചവരെ—വെററിലയുടെ സാധാരണ നിറം.

വെററിലയ്ക്കു സംസ്കൃതത്തിലുള്ള പേർ 'താംബൂലം' എന്നാണു്. ഹിന്ദുക്കളുടെ മതചടങ്ങുകളിൽ വെററിലയ്ക്കു സവിശേഷമായ സ്ഥാനമുണ്ടു്. ക്ഷേത്രങ്ങളിൽ വിസ്തരിച്ച പൂജ നടത്തുമ്പോൾ ദേവനു് വെററില നിവേദ്യം അർപ്പിക്കുക പതിവാണു്. ദേവിയെ 'താംബൂലപൂരിതമുഖീ' എന്നു ലളിതാസഹസ്രനാമകർത്താവു സ്തുതിക്കുന്നു. ഗാർഹികകർമങ്ങളിൽ, ദക്ഷിണയുടെ ഒരു ഘടകമാണു് വെററില; മറെറാരു ഘടകമാണു് അടയ്ക്ക. ദക്ഷിണ കൊടുക്കുമ്പോൾ 'ഹിരണ്യം' എന്നു പറഞ്ഞു പണവും 'താംബൂലം' എന്നു പറഞ്ഞു് വെററിലയും 'ക്രമുകം' എന്നു പറഞ്ഞു് അടയ്ക്കയും കൊടുക്കുന്നു. 'താംബൂലം' എന്ന വാക്കു കർമാംഗമെങ്കിലും മൗലികമായി സംസ്കൃതത്തിലുള്ളതല്ലത്രേ. ഏതോ പോളിനേഷ്യൻ ഭാഷയിലുള്ള ഒരു വാക്കു് സംസ്കൃതത്തിലേക്കു കടംകൊണ്ടതാണുപോലും അതു്. മലയയിൽനിന്നോ മററോ ആണു് വെററില ഇന്ത്യയിലെത്തിയതെന്നു കരുതപ്പെടുന്നു. ഇതു ശരിയെങ്കിൽ, ചരിത്രാതീതകാലത്തുതന്നെ വെററില ഇന്ത്യയിലെത്തി, ഇവിടത്തെ സാമൂഹ്യജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞിരിക്കണം. മഹാകവി കാളിദാസൻ 'താംബൂലം' എന്ന വാക്കു് ഉപയോഗിച്ചിട്ടുണ്ടു്. മലയപർവതത്തിന്റെ ചെരിവുകളിൽ, കമുകുകളിൽ വെററിലക്കൊടി പടർന്നുകയറിക്കാണാമെന്നു് ആ മഹാകവി പറയുന്നു. (താംബൂലവല്ലീ പരിണദ്ധപൂഗാസ്വ....മലയസ്ഥലീഷു) വെററിലക്കൊടിക്കു സംസ്കൃതത്തിലുള്ള മറെറാരു പേർ 'നാഗവല്ലി' എന്നാണു്. പക്ഷേ, ആ പേരിനു പ്രസിദ്ധി കുറയും.

സംസ്കൃതത്തിലെ 'ക്രമുകം' മലയാളത്തിൽ 'കമുകു്' (കവുങ്ങ്) ആയതാവണം. മറിച്ചു കരുതുന്നവരുമുണ്ടു്. ക്രമുകത്തിനു സംസ്കൃതത്തിലുള്ള പര്യായമാണു് 'പൂഗം.' ഇതുതന്നെയാണോ നമ്മുടെ പാക്കു്? പറയാൻ വയ്യ. വാക്കുകളുടെ സാരൂപ്യത്തെപ്പററിയുള്ള ചർച്ചകൾ, വിശ്വാസ്യങ്ങളായ തെളിവുകളുടെ അഭാവത്തിൽ, ഒരിടത്തും നമ്മെ എത്തിക്കുകയില്ല.

വെററിലയിൽ ചുണ്ണാമ്പു തേച്ചു് അടയ്ക്കയും ചേർത്തു ചവച്ചു് അരച്ചു തിന്നുന്നതാണു് 'മുറുക്കൽ' അല്ലെങ്കിൽ 'മുറുക്കു്.' ഓർമ ചെന്നെത്തുന്നതിന്നപ്പുറത്തുള്ള കാലം മുതൽ 'മുറുക്കൽ' ഇന്ത്യയിൽ ലളിതമായ ഒരു സുഖഭോഗമായി നിലനിന്നിരുന്നു. വിശപ്പു ശമിപ്പിക്കുകയായിരുന്നില്ല വെററില (വെററ) തിന്നുന്നതിന്റെ ലക്ഷ്യം; മറിച്ചു്, മുഖാലങ്കരണമാ